FRIDAY 25/07/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/07/2025

1. കാർഷികവികസന കർഷകക്ഷേമ വകുപ്പ്, കേരള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, ആത്മ മുഖേന കർഷകഉൽപാദന സംഘങ്ങൾക്ക് ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തികസഹായം നൽകും. ജില്ലയിലെ ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപാദകസംഘങ്ങൾ (രജിസ്ട്രേഷൻ ചെയ്ത് ഒരു വർഷം തികഞ്ഞവ), വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ ഇതേഘടകത്തിൽ സാമ്പത്തിക സഹായം ലഭിക്കാത്തതുമായ കർഷകഉത്പാദക കമ്പനികൾ (രജിസ്ട്രേഷൻ ചെയ്തു മൂന്നുവർഷം തികഞ്ഞവ) എന്നിവയ്ക്ക് അപേക്ഷിക്കാം. പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കശുമാവ് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപന്നനിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക്ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ 80 ശതമാനം സഹായമായി അനുവദിക്കും അപേക്ഷ ജൂലൈ 27 നകം ആത്മ പ്രോജക് ഡയറക്ടേറ്റ്, സിവിൽസ്റ്റേഷൻ, കൊല്ലം വിലാസത്തിൽ നൽകണം. ഫോൺ നമ്പർ 0474 27020280.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെന് (സാഫ്) മുഖേന തീരമൈത്രി പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മത്സ്യത്തൊഴിലാളി വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോം ജില്ലാ സാഫ് നോഡൽ ഓഫീസ്, സാഫ് വെബ്സൈറ്റ്, ഫിഷറീസ് വകുപ്പ് വെബ്സൈറ്റ് എന്നിവയിൽ ലഭിക്കും. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ നിരക്കിൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് ഗ്രാന്റ് ലഭിക്കുക. അപേക്ഷകർ മത്സ്യ ഗ്രാമങ്ങളിലെ സ്ഥിരതാമസക്കാരോ മത്സ്യത്തൊഴിലാളിയുടെ ആശ്രിതരോ പരമ്പരാഗതമായി മത്സ്യക്കച്ചവടം നടത്തുന്നവരോ ആയ 20നും 50നും ഇടയിൽ പ്രായമുള്ളവരാകണം. ജൂലൈ 30ന് വൈകിട്ട് അഞ്ച് വരെ സാഫ് നോഡൽ ഓഫീസിലും അതത് മത്സ്യഭവനുകളിലും അപേക്ഷ സ്വീകരിക്കും. സാഫിൽനിന്ന് നേരത്തെ ധനസഹായം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. ഫോൺ: 8943164472, 9946212231, 7094747427.

## പരിശീലന പരിപാടി

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റ്, തഞ്ചാവൂർ, കൃഷിയിടം മുതൽ ഫോർക്ക് വരെയുള്ള ജൈവ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, സംഭരണം, മൂല്യവർദ്ധനവ് എന്ന വിഷയത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓഗസ്റ്റ് 19, 20 തീയതികളിൽ രണ്ടു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: https://niftem-t.ac.in/orgpack.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

2. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂലായ് 29, 30** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക

3. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മണ്ണിര കമ്പോസ്റ്റ് നിർമാണം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു . താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ് മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

4. ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ജൂലൈ 30, 31 തീയ്യതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷിയിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെറെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. താത്പര്യമുള്ളവർ ജൂലൈ 26ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 0495-2414579 ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം.

5. ഐ സി എ ആർ കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ തേനീച്ച കൃഷിയുടെ ദീർഘകാല പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് തേനീച്ച പരിപാലനം എന്ന വിഷയത്തിൽ ദീർഘകാല പരിശീലനകോഴ്സ് ആരംഭിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9446911451 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ് സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . പ്രാരംഭ ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 1 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

1. **കാർഷിക നിർദേശം**

**പച്ചക്കറി കൃഷി**

നീർവാർച്ചയുള്ളതും വളക്കൂറുമുള്ള പശിമരാശി മണ്ണാണ് പച്ചക്കറി കൃഷിയ്ക്ക് ഉചിതമായിട്ടുള്ളത്. മണൽ മണ്ണാണെങ്കിൽ ജൈവവളം കൂടുതലായി ചേർക്കണം. വെള്ളവും വെളിച്ചവും കിട്ടുന്ന സ്ഥലമാണ് പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യം. നമ്മുടെ വീട്ടു വളപ്പിൽ തണലില്ലാത്ത സ്ഥലം ലഭിക്കുക അത്ര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എളുപ്പമല്ലാത്തതിനാൽ ഏറ്റവും കൂടുതൽ സൂര്യ പ്രകാശം ലഭിക്കുന്ന സ്ഥലം പച്ചക്കറി കൃഷിയ്ക്കായി തെരഞ്ഞെടുക്കണം. നല്ല വിളവ് തരുന്ന രോഗപ്രതിരോധശേഷിയുള്ള പച്ചക്കറിയിനങ്ങൾ നടാനായി തെരഞ്ഞെടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം